Draft #1 of File 23369/EH17 SO/2022/EH 17 (M.C Approved by ASSISTANT REGISTRAR IX (EXAM) on 18-Feb-2022 11:55 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2019 പ്രവേശന വർഷത്തെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡിൽ വിദ്യാർത്ഥിയുടെ ഫോട്ടോ കൂടി ഉൾപ്പെടുത്തി നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എച് 17 സെക്ഷൻ**

നമ്പർ. 1681/EH 17 (M.C/2022/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 18.02.2022

---

*പരാമർശം:*-1 . 2017 - ലെ യു .ജി.സി.എസ് .എസ് റെഗുലേഷൻസ്
2 . 2019 - ലെ പി.ജി.സി.എസ് .എസ് റെഗുലേഷൻസ്
3. 14.02.2022 തീയതിയിലെ ബഹു:വൈസ് ചാൻസലറുടെ ഉത്തരവ്.

**ഉത്തരവ്**

ബിരുദ വിദ്യാർത്ഥികളുടെ കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡിൽ വിദ്യാർത്ഥിയുടെ ഫോട്ടോ കൂടി ഉൾപ്പെടുത്തണമെന്ന് പരാമർശം (1) -ൽ വ്യവസ്ഥ ചെയ്തിരുന്നില്ല എങ്കിലും 2017 പ്രവേശന വർഷം മുതലുള്ള ബിരുദ വിദ്യാത്ഥികൾക്ക് ഫോട്ടോ ചേർത്ത കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡാണ് സർവ്വകലാശാല നൽകി വരുന്നത്.

2019 പ്രവേശന വർഷം മുതലുള്ള ബിരുദാനന്തര ബിരുദ വിദ്യാത്ഥികൾക്കും ഫോട്ടോ ചേർത്ത കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് നൽകുവാൻ പരാമർശം (2) - ൽ വ്യവസ്ഥ ചെയ്യുന്നില്ല. എന്നാൽ അടിയന്തിര സ്ഥിതി പരിഗണിച്ച്, എം.എസ്.സി പ്ലാന്റ് ബൈയോടെക്നോളജി പ്രോഗ്രാം പൂർത്തിയാക്കിയ ബെൻഹാം അക്ബരി എന്ന അഫ്ഗാനി വിദ്യാർത്ഥിക്ക് ഫോട്ടോ ചേർത്ത കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് സർവ്വകലാശാല നൽകുകയുണ്ടായി.

ബിരുദ വിദ്യാത്ഥികൾക്ക് ഫോട്ടോ ചേർത്ത കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് സർവ്വകലാശാല നൽകി വരുന്നതിനാലും ബിരുദാനന്തര ബിരുദ വിദ്യാത്ഥികളുടെ കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡിന്റെ ഐക്യരൂപ്യം നിലനിർത്തേണ്ടതിനാലും , 2019 പ്രവേശന വർഷം മുതലുള്ള ബിരുദാനന്തര ബിരുദ വിദ്യാത്ഥികൾക്ക് ഫോട്ടോ ചേർത്ത കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് നൽകുവാൻ പി.ജി ടാബുലേഷൻ വിഭാഗത്തിൽ നിന്ന് ശിപാർശ ചെയുകയും പരാമർശം (3) പ്രകാരം മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985 , അദ്ധ്യായം iii , വകുപ്പ് 10 (17) അനുശാസിക്കുന്ന പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ മേൽ ശിപാർശ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹർമിള ബീഗം

അസിസ്റ്റന്റ് രജിസ്ട്രാർ 9 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1 . വൈസ് ചാൻസലർ,/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പി.എസ്.
2 . രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ
എന്നിവരുടെ പി.എ
3 . എ.ആർ/ ഡി ആർ / ജെ.ആർ (പരീക്ഷ/ അക്കാഡമിക്/ ഫിനാൻസ്)
4 . എ.സി.സി - 1 സെക്ഷൻ
5 . കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ / റെക്കോർഡ്സ് സെക്ഷൻ/എസ് .എസ്
യൂണിറ്റ്
6 . പി.ആർ.ഒ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

7 . സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 23369/EH17 SO/2022/EH 17 (M.C Approved by ASSISTANT REGISTRAR IX (EXAM) on 18-Feb-2022 11:55 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം